പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2235 | 17.6.2014 ൽ മറുപടിയ്ക്ക്

ഐ.റ്റി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വയം സംരംഭക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് ;<br>ശ്രീ. വർക്കല കഹാർ ;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. പി.എ. മാധവൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി) |
| എ) ഐ.റ്റി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വയം സംരംഭക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) ഐ.റ്റി മേഖലയുടെ വളർച്ചക്കായി ആ മേഖലയിലെ കമ്പനികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുമെന്ന് ഐ.റ്റി. നയം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ 01.12.2005 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതിചെയ്യുന്ന (SEZ) കമ്പനികൾ ഒഴികെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ കമ്പനികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി കേരളാ സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രമോഷണൽ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയാണ് നല്കി വരുന്നത്. സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി രണ്ടു രീതിയിലാണ് ലഭ്യമാകുന്നത്.<br><br>1. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് ഫിക്സെഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 30% എന്ന നിരക്കിൽ പരമാവധി 15 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്.<br><br>2. മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് ഫിക്സെഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 40% എന്ന നിരക്കിൽ പരമാവധി 25 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | തൊഴിലന്വേഷകരായ വിദ്യാർത്ഥികളെയും യുവജനങ്ങളെയും തൊഴിലുടമകളായി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി-യിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) | അഭ്യസ്ത വിദ്യരായ യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽ ദായകർ ആകുന്നതിനുവേണ്ടി പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതിയിൽ ധനസഹായവും ടെക്നോളജി ഡെവലപ്മെന്റ് ഫണ്ടും ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിനായി ഐ.റ്റി മിഷൻ ഐ.പി.എം.സി. എന്ന പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷണൽ മാനേജ്മെന്റ് സെല്ലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, കിൻഫ്രാ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിലെ ഓഫീസർമാരെ ഐ.പി.എം.സി. യുടെ കോർഡിനേറ്റിങ്ങ് ഓഫീസ്സേഴ്സ് ആയി നിയമിച്ചിട്ടുണ്ട്. ഇവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അപേക്ഷയുടെ മേൽ അവശ്യ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ഡി) | ബഡ്ജറ്റിന്റെ നിശ്ചിത ശതമാനം പ്രസ്തുത പദ്ധതിക്കായി നൽകുന്ന കാര്യം പരിഗണിക്കുമോ ; | ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല |
| ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികളുടെ പ്രചാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഇ) | പദ്ധതിയുടെ നടത്തിപ്പിനായി ഐ.റ്റി. മിഷൻ രൂപീകരിച്ചിട്ടുള്ള ഐ.പി.എം.സി. എന്ന പോർട്ടലിലൂടെ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ